"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - 15/3/24ലെ സ.ഉ(കൈ) 67/2024/റവ നമ്പർ ഉത്തരവ് പ്രകാരം ആരംഭിച്ച മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിന് 15/03/2025 മുതൽ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എം) വകുപ്പ്

സ.ഉ.(കൈ) നം.108/2026/RD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-
1. 15/3/24-ലെ സ.ഉ(കൈ) 67/2024/റവ നമ്പർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 14/03/2025-ലെ ഇ8/1646/21 നമ്പർ കത്ത്.
3. 19/03/25-ലെ സ.ഉ(കൈ) 79/2025/റവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നല്കുന്നതിനായി 17 തസ്തികകൾ ഒരു വർഷത്തേക്ക് താത്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിച്ചും ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (1)-ലെ ഉത്തരവു പ്രകാരം മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാർ, ഒരു ഡെപ്യൂട്ടി തഹസിൽദാർ, രണ്ടു റവന്യൂ ഇൻസ്പെക്ടർമാർ, ആറു ക്ലാർക്കുമാർ, നാല് സർവ്വേയർമാർ, രണ്ടു ചെയിൻമാന്മാർ, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ 17 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ ഓഫീസ് ആവശ്യത്തിനായി പ്രതിമാസം 35000/- രൂപ വാടകയിൽ ഒരു വാഹനം ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്.

3) മേല്പറഞ്ഞ ഓഫീസിലേക്ക് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അനുവദിച്ച 2 ചെയിന്മാൻമാരെ കൂടാതെ കരാർ അടിസ്ഥാനത്തിൽ 2 ചെയിൻമാൻമാരെ കൂടി നിയമിക്കേണ്ടി വന്ന സാഹചര്യത്തിൽ പ്രസ്തുത നിയമനങ്ങൾ സാധൂകരിച്ച് വേതനം മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സർവ്വേ നടപടികൾക്കായി സർക്കാർ ഉത്തരവ് പ്രകാരം ടി കാര്യാലയത്തിലേക്ക് അനുവദിച്ച വാടക വാഹനത്തിന് പുറമേ ഒരു വാഹനം കൂടി ഏർപ്പെടുത്തണമെന്നും ആയതിന് വേണ്ടുന്ന ചിലവ് ഡിജിറ്റൽ റീസർവ്വേയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് അനുവദിക്കണമെന്നും കാണിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു. തുടർന്ന്, കരാർ അടിസ്ഥാനത്തിൽ നിയമിച്ച 2 ചെയിൻമാൻമാരുടെ നിയമനം സാധൂകരിച്ചും ടി കാര്യാലയത്തിലേക്ക് അനുവദിച്ച വാടക വാഹനത്തിന് പുറമേ ഒരു വാഹനം കൂടി ഏർപ്പെടുത്തുന്നതിനും, ആയവയ്ക്കുള്ള ചെലവ് ഡിജിറ്റൽ റീസർവ്വേയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനും അനുമതി

നല്കി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) പൂർണ്ണതോതിലുള്ള സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലും പതിനായിരത്തോളം പട്ടയ അപേക്ഷകളിൽ നടപടികൾ സ്വീകരിക്കേണ്ടതിനാലും മുണ്ടക്കയം ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിന്റെ തുടർച്ചാനുമതി 15/03/2025 മുതൽ ഒരു വർഷത്തേക്ക് കൂടി നീട്ടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നല്കുന്നതിനായി പരാമർശം (1) പ്രകാരം ഒരു വർഷത്തേക്ക് താത്കാലികമായി സൃഷ്ടിച്ച് അനുവദിച്ച മുണ്ടക്കയം ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിന് 15/03/2025 മുതൽ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
സ്പെഷ്യൽ തഹസിൽദാർ, മുണ്ടക്കയം(എൽ.എ).
ധനകാര്യവകുപ്പ് (20/06/2025-ലെ EXP-D1/95/2024-FIN പ്രകാരം).
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 3443 പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

**Signed by Kumari Sindhu S**
**Date: 06-03-2026 15:28:46**

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്